

# മുഹമ്മദ് എന്ന പ്രവാചകൻ

○

**വയലാർ ഗോപകുമാർ**

**പ്രവാചകനെ** മാത്രമല്ല, ഇസ്‌ലാമിനെ തന്നെ മനസ്സിലാക്കാൻ വളരെ താമസിച്ചു. ആദ്യകാലത്ത് ഏറെ തെറ്റിദ്ധാരണകളാണ് ഈ മതത്തെയും അതിന്റെ പ്രവാചകനെയും പറ്റിയുണ്ടായിരുന്നതെന്നു തുറന്നു പറയാൻ എനിക്ക് മടിയില്ല. കാരണം, മുസ്‌ലിം സമുദായവുമായി യാതൊരു സഹവാസവുമില്ലാത്തതായിരുന്നു എന്റെ ബാല്യവും കൗമാരവും. ഹൈസ്കൂളിലെത്തുന്നതുവരെ എനിക്ക് ആ സമുദായാംഗങ്ങളുമായി യാതൊരു ബന്ധവും പുലർത്തേണ്ടിവന്നിട്ടില്ല. അതിനു ശേഷം മുസ്‌ലിം സുഹൃത്തുക്കളുണ്ടായെങ്കിലും ഈ സമുദായത്തെ അടുത്തറിയാനുള്ള അവസരമുണ്ടായില്ല. പത്രപ്രവർത്തനരംഗത്ത് വന്ന ശേഷം മാത്രമാണ് അതിനുള്ള അവസരമുണ്ടായത്.



ഞാൻ വിദ്യാഭ്യാസമാരംഭിച്ച സർക്കാർ പ്രൈമറി സ്കൂളിൽ ഒരൊറ്റ മുസ്‌ലിം വിദ്യാർഥി പോലുമുണ്ടായിരുന്നില്ല. വെള്ളിയാഴ്ചകളിൽ ഉച്ചഭക്ഷണ സമയം ഒരുമണിക്കൂറിൽനിന്ന് രണ്ടുമണിക്കൂറായി ദീർഘിപ്പിച്ച് ലഭിച്ചിരുന്നത് മുസ്‌ലിം സമുദായത്തിനുവേണ്ടിയാണെന്ന് അധ്യാപകർ പറഞ്ഞ അറിവുണ്ടായിരുന്നു. എന്നാൽ അത് ജുമുഅ നമസ്കാരത്തിനാണെന്നും അതെന്താണെന്നും ആരും പറഞ്ഞുതന്നിരുന്നില്ല. ഇങ്ങനെ കൂടുതൽ ഒഴിവുസമയം ലഭിക്കുന്നത്, ഞാനടക്കമുള്ള കുട്ടികൾക്കെല്ലാം കളിക്കാനുള്ള സമയമായിരുന്നു. മാത്രമല്ല, 'നമ്മുടെ സ്കൂളിൽ ഒരു മു

സ്ലിം വിദ്യാർഥിപോലുമില്ല' എന്ന് ഒരധ്യാപിക ആശ്വാസം കൊണ്ടത് ഇന്നും എന്റെ സ്മൃതിപഥത്തിൽ നിന്ന് മാഞ്ഞിട്ടില്ല. ഈവക കമന്റുകൾ കുട്ടിക്കാലത്ത് പല കോണുകളിൽനിന്നും ഞാൻ കേട്ടിട്ടുണ്ട്. അതിനാൽ വളരെ വ്യത്യസ്തമായ ഒരു സങ്കൽപമാണ് എനിക്ക് ഇസ്‌ലാമിനെ പറ്റി ഉണ്ടായിരുന്നത്. ആ അധ്യാപികയെയോ ആ പ്രദേശങ്ങളിൽ അക്കാലത്തു നിലനിന്ന ചിന്താഗതിയെയോ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ലെന്നെനിക്കറിയാം. കാരണം, നിലനിന്നു വന്ന ധാരണകളെ തിരുത്താനുള്ള സംവിധാനങ്ങൾ അവിടെ ഉണ്ടായിരുന്നില്ല.

അകന്നോ മാറിയോ ഒറ്റപ്പെട്ട മുസ്‌ലിംകുടുംബങ്ങൾ ഉണ്ടായിരുന്നെങ്കിൽ തന്നെ പലരും പാവപ്പെട്ടവരായിരുന്നു. മുഖ്യധാരയിലേക്കു കടന്നുവരാനും മറ്റുള്ളവരുമായി ഇടപഴകാനും കഴിയുന്നവർ ചുരുക്കമായിരുന്നു. ആകെയുണ്ടായിരുന്ന മസ്ജിദാകട്ടെ ഏകദേശം നാലു കിലോമീറ്റർ അകലെയും. എന്നാൽ എന്റെ ഗ്രാമത്തിന്റെ കിഴക്കേ അറ്റത്ത് കുറേ മുസ്‌ലിം കുടുംബങ്ങൾ ഉണ്ടായിരുന്നു. നല്ലനിലയിലും അല്ലാതെയും ജീവിക്കുന്നവർ അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിലെ എന്റെ സമപ്രായക്കാരെ കണ്ടെത്തുന്നത് കുറേ മുതിർന്നതിനു ശേഷമാണ്.

എന്നാൽ ജാതിമത ചിന്തകളില്ലാത്ത ഒരുബാല്യമാണ് എനിക്കു ലഭിച്ചത്. അതിനുകാരണം എന്റെ നാടിന്റെ സാമൂഹിക പശ്ചാത്തലമാണ്. അക്കാലത്ത് അവിടെ മുഴുവൻ കമ്യൂണിസ്റ്റുകാരായിരുന്നു. അവരിൽ ദൈവവിശ്വാസികളുണ്ടായിരുന്നെങ്കിലും ജാതിമത ചിന്തകളുണ്ടായിരുന്നില്ല. എന്റെ ഒരമ്മാവനടക്കം (അദ്ദേഹം ഇപ്പോൾ കടുത്ത ദൈവവിശ്വാസിയാണ്) അന്നത്തെ ഒരുപറ്റം യുവാക്കൾ നാസ്തികരും യുക്തിവാദികളുമായിരുന്നു. അവരുടെ നിലപാടുകൾ ഞങ്ങളുടെ ബാല്യത്തെയും സ്വാധീനിച്ചിട്ടുണ്ട്. കാൾ മാർക്സും ഏംഗൽസും ലെനിനും സ്റ്റാലിനും അന്ന് ആ നാട്ടുകാർക്കു ദൈവ തുല്യരായിരുന്നു. അന്നത്തെ പല കുട്ടികൾക്കും ഈ ലോക നേതാക്കളുടെ പേരുകളാണ് മാതാപിതാക്കൾ നൽകിയിരുന്നത്. പാർട്ടി മാറേണ്ടിവന്നിട്ടും മാർക്സായും ലെനിനായും സ്റ്റാലിനായും ക്രൂഷ്ചേവായും നാമഭാരം പേറി ജീവിക്കുന്നവർ ഇന്നും ആ പ്രദേശത്തുണ്ട്. ഇതൊക്കെ ഞാൻ ഇപ്പോൾ ഓർക്കുന്നത്, എന്റെ ജീവിത പശ്ചാത്തലത്തിന്റെ ഭാഗമായാണ്.

പിന്നീട് മുതിർന്നപ്പോൾ എനിക്ക് മുസ്‌ലിം വിഭാഗത്തിൽ നിന്ന് ഒട്ടേറെ കൂട്ടുകാരെ ലഭിച്ചു. പക്ഷേ അവരും അവരുടെ സാമുദായികതയെ പറ്റിയോ മതപരമായ വിശ്വാസങ്ങളെ പറ്റിയോ പറഞ്ഞുതരാൻ അശക്തരായിരുന്നു. അകാലത്തിൽ പൊലിഞ്ഞുപോയ അതിപ്രഗത്ഭ ചിത്രകാരനായ ഒരു മുസ്‌ലിംസുഹൃത്ത് എനിക്കുണ്ടായിരുന്നു. തന്റെ ആത്മനൊമ്പരങ്ങളെ പറ്റി സംസാരിക്കുമെങ്കിലും സ്വന്തം മതാചാരങ്ങളെയോ മതത്തെയോ പരിചയപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. തിരുവനന്തപുരത്ത് ഔദ്യോഗിക ജീവിതം ആരംഭിക്കുന്നതുവരെ മതപരമായ അറിവുകൾ പരിമിതമായിരുന്നു.

ഞാൻ ഗുരുതുല്യം കരുതുന്ന അന്തരിച്ച പ്രഫ. ജഗന്നാഥപണിക്കർ സാറാണ് ആദ്യമായി ഇസ്‌ലാം മതത്തെ പറ്റി എന്നിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കിയത്. ഒരു വലിയ ഗ്രന്ഥപ്പുരക്കുടമയായ അദ്ദേഹം എനിക്ക് ചില പുസ്തകങ്ങൾ നൽകുകയും (കൃത്യമായി അവ തിരിച്ചു വാങ്ങുകയും) ചെയ്തിട്ടുണ്ട്. ശ്രീനാരായണ ചിന്തകളിൽ ഊർജം കണ്ടെത്തിയിരുന്ന അദ്ദേഹം ഇസ്‌ലാമിനെ പറ്റി സുവ്യക്തമായ കാഴ്ചപ്പാടുകളുള്ളയാളായിരുന്നു. ഏറ്റവും സംസ്കൃതമായ ഒരു മതമാണ് ഇസ്‌ലാമെന്ന് അദ്ദേഹം ഉദാഹരണ സഹിതം എനിക്കു പറഞ്ഞുതന്നിട്ടുണ്ട്. ഏകദൈവ വി

ശ്വാസത്തിൽ ആകൃഷ്ടനായിരുന്നു പണിക്കർ സാർ എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

എന്നാൽ ഇസ്‌ലാം സമൂർത്തമായ ഒരു ജീവിതചര്യയാണെന്ന് ഞാൻ മനസ്സിലാക്കിയത്, *മാധ്യമ*ത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച ശേഷമുണ്ടായ സൗഹൃദങ്ങളിലൂടെയാണ്. പ്രവാചകന് എത്രത്തോളം ദീർഘദർശനവും ജീവിതവീക്ഷണവുമുണ്ടെന്നു മനസ്സിലാക്കിയതും തുടർന്നുള്ള വായനകളിലൂടെയും സഹവർത്തിത്വത്തിലൂടെയുമാണ്. ഇസ്‌ലാം ശരിയായി പ്രാക്ടീസ് ചെയ്യുന്ന ഒരു സമൂഹത്തെ കണ്ടത് അവിടം മുതലാണ്. അതുവരെ ഞാൻ കരുതിയിരുന്നതൊന്നും ഇസ്‌ലാമായിരുന്നില്ലെന്നു തിരിച്ചറിഞ്ഞതും പിന്നീടാണ്. മനുഷ്യചരിത്രത്തിൽ ഉണ്ടായ ഏറ്റവും സഫലമായ വ്യക്തിത്വവും മാതൃകയും പ്രവാചകനാണെന്ന് അറിഞ്ഞതും അപ്പോഴാണ്.

'എന്റെ ജീവിതമാണ് എന്റെ സന്ദേശ'മെന്ന് മഹാത്മാ ഗാന്ധി പറയുകയും കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. ജീവിതത്തെ സന്ദേശമാക്കിയ ഗാന്ധിജിയെ പലരും യേശുക്രിസ്തുവിനോടുപമിക്കുന്നത് ഞാൻ കേട്ടിട്ടും വായിച്ചിട്ടുമുണ്ട്. എന്നാൽ ഗാന്ധിജിയെ സ്വാധീനിച്ചത് യേശുവല്ല, മുഹമ്മദാണെന്നു കരുതുന്നയാളാണ് ഞാൻ. സാമൂഹിക പശ്ചാത്തലങ്ങളുടെ പ്രത്യേകതകളാൽ ഗാന്ധിജിയെ മുഹമ്മദിൽനിന്ന് അകറ്റിനിർത്താനുള്ള താൽപര്യം അക്കാലഘട്ടത്തിലെ പല പ്രമുഖർക്കും ഉണ്ടായിരുന്നിരിക്കണം. സ്വജീവിതം കൊണ്ട് സമൂർത്ത ജീവിതചര്യ പഠിപ്പിച്ച പ്രവാചകന്മാരിൽ മുഹമ്മദിനാണല്ലോ മുഖ്യസ്ഥാനം.

മനുഷ്യകുലത്തിനാകെ മാതൃകയാണ് പ്രവാചകൻ. താൻ പറഞ്ഞതെന്താണെന്നും അതെത്ര ഫലവത്താണെന്നും സ്വജീവിതത്തിലൂടെ അദ്ദേഹം കാട്ടിത്തന്നു. ഏറ്റവും മികച്ച സംഭാവനകൾ വിശ്വാസ പ്രമാണങ്ങളിലൂടെ മനുഷ്യകുലത്തിനായി അദ്ദേഹം നീക്കിവെച്ചു. സങ്കീർണമായ പ്രശ്നങ്ങളിൽ ലളിതമായ മാർഗങ്ങൾ ചൂണ്ടിക്കാട്ടിത്തന്നു. വിരുദ്ധ ചിന്തകൾ (negative thoughts) അദ്ദേഹത്തിൽ നിന്നുണ്ടായില്ല. അതിനാൽ ചിന്തകളും പ്രവൃത്തികളും പരസ്പരം പൊരുത്തപ്പെടുകയും ഫലവത്താവുകയും ചെയ്തു. എല്ലാ മാർഗങ്ങളും കൊട്ടിയടക്കപ്പെട്ടതായി തോന്നുന്ന അവസരത്തിൽ പോലും ചില വഴികൾ നമുക്കായി തുറന്നു കിടപ്പുണ്ടാകുമെന്നും അവ കണ്ടെത്തുന്നതിലാണ് ജീവിത വിജയമെന്നും പഠിപ്പിച്ചു. പ്രതിബന്ധങ്ങളെ അവഗണിക്കാനും അവസരങ്ങളെ തേടിപ്പിടിക്കാനും സ്വമാർഗത്തിലൂടെ ശീലിപ്പിച്ചു.

പ്രവാചകൻ ശത്രുക്കളെയല്ല, ശത്രുതയെയാണ് ഉന്മൂലനം ചെയ്തത് എന്നത് വർത്തമാനകാലത്ത് ഏറെ ചിന്തനീയമാണ്. ശത്രുക്കളെ മിത്രങ്ങളാക്കിമാറ്റുന്ന മാന്ത്രികത അദ്ദേഹം കാട്ടിത്തന്നു. ബദ്ർ യുദ്ധവിജയത്തിനു ശേഷം ലഭിച്ച വിദ്യാസമ്പന്നരായ 70 യുദ്ധത്തടവുകാരെ കൊന്നൊടുക്കാൻ അദ്ദേഹം തുനിഞ്ഞില്ല. മറിച്ച് മുസ്‌ലിം കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കാൻ നിയോഗിച്ചുകൊണ്ട് ആദ്യ വിദ്യാലയം സൃഷ്ടിക്കുകയായിരുന്നു. ശത്രുപക്ഷത്തുനിന്നു തടവിലാക്കപ്പെട്ടവർ അധ്യാപകരായി. സഹിഷ്ണുതയുടെ പുതിയ ചരിത്രമാണ് അതിലൂടെ തുറക്കപ്പെട്ടത്.

മക്ക പിടിച്ചടക്കിയ ശേഷം തടവുകാരായി പിടിക്കപ്പെട്ട ശത്രുക്കളെ വെറുതെ വിട്ടതുവഴി അവരുടെ മനസ്സിനെ കൂടി കീഴടക്കുകയായിരുന്നു പ്രവാചകൻ. മക്കാ വിജയത്തിനുശേഷം ഏറെ ശക്തനായ പ്രവാചകന് വേണമെങ്കിൽ തന്നെയും അനുയായികളെയും ദ്രോഹിച്ച എതിരാളികളെ മുഴുവൻ കൊന്നൊടുക്കാൻ ആഹ്വാനം ചെയ്യാമായിരുന്നു. അവരുടെ പീഡനങ്ങൾക്ക് പ്രതികാരം ചെയ്യാനുള്ള ഏറ്റവും മി

കച്ച അവസരം. അവിടെയാണ് അദ്ദേഹത്തിന്റെ മഹത്വം അതിന്റെ തിളക്കം കാട്ടുന്നത്. അവരെ സ്വതന്ത്രരാക്കിയ അദ്ദേഹം തന്റെ ശത്രുത മനുഷ്യർ തമ്മിലുള്ള അന്തരം, വിദ്വേഷം എന്നിവയോട് മാത്രമാണെന്ന് തെളിയിച്ചു.

സ്ഥിതിസമത്വത്തിനായി ആദ്യമായി പൊരുതുകയും പോരാട്ടം വിജയമാക്കുകയും ചെയ്ത ഒരു യഥാർഥ വിപ്ലവകാരിയെയും പ്രവാചകനിൽ തെളിഞ്ഞുകാണാം. ഏകീകൃത സമൂഹത്തിനുവേണ്ടിയും ഉച്ചനീചത്വങ്ങൾക്കെതിരെയുമാണ് അദ്ദേഹം പടവാളെടുത്തത്. ആയുധമെടുക്കുന്നവർ മാത്രം സമ്പത്ത് അടക്കിവാഴുന്ന ഒരു സാമൂഹിക സ്ഥിതിയിൽ മാറ്റമുണ്ടാക്കി. സമ്പത്ത് പങ്കുവെക്കാനും സ്ത്രീകൾക്ക് തുല്യാവകാശം നൽകാനും സമൂഹത്തെ ശീലിപ്പിച്ചു. എത്രമാത്രം അപരിഷ്കൃതമായ ഒരു ജനസഞ്ചയത്തെയാണ് അദ്ദേഹം സംസ്ക്കാരത്തിന്റെ പ്രപഞ്ചത്തിലേക്കുയർത്തിയതെന്നു ചിന്തിക്കണം.

ഒരു ദൈവിക സ്ഥാനം സ്വയം അവകാശപ്പെടാതെ താൻ മനുഷ്യരിലൊരുവൻ മാത്രമാണെന്നു പ്രഖ്യാപിക്കാനാണ് താൽപര്യപ്പെട്ടതെന്നത് എത്ര വലിയ മഹത്വമാണെന്ന് മനുഷ്യദൈവങ്ങളുടെ ഈ കാലഘട്ടത്തിൽ ഏറെ ചിന്തനീയമാണ്. ദൈവത്തോട് ഏറ്റവും അടുത്തുനിൽക്കുന്നയാളായിട്ടും എളിയവനായി അദ്ദേഹം. ദൈവത്തിന്റെ സ്വന്തം പ്രവാചകനായിരുന്നിട്ടും അതു വിശ്വാസിക്കാതിരുന്നവരുടെ മേൽ തന്റെ പദവി അടിച്ചേൽപിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. ഖുറൈശികളുമായി ഉണ്ടാക്കിയ ഹുദൈബിയ കരാറിൽ ഒപ്പുവെക്കവേ 'ദൈവത്തിന്റെ പ്രവാചകനായ മുഹമ്മദ്' എന്നെഴുതിയതിനെ ഖുറൈശികൾ ചോദ്യം ചെയ്തപ്പോൾ തന്റെ പദവി സ്ഥാപിച്ചെടുക്കാനായി അദ്ദേഹം വാശിപിടിച്ചില്ല. 'അബ്ദുല്ലയുടെ മകൻ മുഹമ്മദ്' എന്നു തിരുത്തിയെഴുതി സമാധാനക്കരാർ സാർഥകമാക്കാൻ അദ്ദേഹത്തിനു മടിയുണ്ടായില്ല. സഹിഷ്ണുതയുടെ മൂർത്തിമത്ഭാവമാണ് ഇവിടെ തെളിയുന്നത്. പ്രശ്നപരിഹാരമാണ് പദവി അടിച്ചേൽപിക്കുന്നതിനെക്കാൾ പ്രധാനമെന്ന് അദ്ദേഹം വിശ്വസിച്ചു.

ധർമയുദ്ധങ്ങളെ പറ്റി വളരെ കേട്ടിട്ടുണ്ട്. യഥാർഥ ധർമയുദ്ധം പ്രവാചകൻ നയിച്ചവയായിരുന്നുവെന്ന് ചരിത്രത്തിൽ നിന്നു മനസ്സിലാക്കാം. കരാർ ലംഘിക്കാതിരിക്കുക, അംഗഭംഗം വരുത്താതിരിക്കുക, വൃദ്ധർ-സ്ത്രീകൾ-കുട്ടികൾ എന്നിവരെ വധിക്കാതിരിക്കുക, ഫലവൃക്ഷങ്ങളും കൃഷിയും നശിപ്പിക്കാതിരിക്കുക, ആരാധിക്കുന്നവരെ ശല്യപ്പെടുത്താതിരിക്കുക തുടങ്ങിയ നിബന്ധനകൾ യുദ്ധക്കളത്തിൽ പാലിക്കാൻ നിർദേശിച്ച അദ്ദേഹം ധർമയുദ്ധം പ്രയോഗവത്കരിക്കുകയായിരുന്നു. ആയിരക്കണക്കിനു കുഞ്ഞുങ്ങൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുമേൽ വരെ ബോംബിട്ടുരസിക്കുന്ന രാക്ഷസന്മാരാണ് ഈ പരിഷ്കൃത യുഗത്തിൽ പല യുദ്ധങ്ങൾക്കും നേതൃത്വം നൽകുന്നതെന്ന് ചിന്തിക്കണം.

നിത്യവൈരികളായിരുന്ന ജൂതർക്കുപോലും തർക്കങ്ങളിൽ മാധ്യസ്ഥനാകാൻ കഴിഞ്ഞ പ്രവാചകൻ ശത്രുക്കളുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി. കാലമേറെക്കഴിയുന്തോറും ആ ആദരം വളർന്നതേയുള്ളൂ.

ഇസ്‌ലാമിലെ ദൈവിക വ്യവസ്ഥിതിയെ ഒരു കർമപദ്ധതിയായാണ് പ്രവാചകൻ പരിചയപ്പെടുത്തിയിട്ടുള്ളത്. കർമവും വിശ്വാസവും ഇസ്‌ലാമിൽ പരസ്പരപൂരകങ്ങളാണ്. പ്രവൃത്തിയും വിശ്വാസവുമായി വൈരുധ്യം പാടില്ലതന്നെ. ദൃഢവിശ്വാസത്തിലും സൽക്കർമത്തിലും അത് അധിഷ്ഠിതമാണ്. ലക്ഷ്യത്തിനും മാർഗത്തിനും തുല്യ പ്രാധാന്യമാണ് അത് കൽപിക്കുന്നത്. വിശ്വാസത്തോടൊപ്പം സൽക്കർമ

ങ്ങളും ചെയ്യുന്നവനേ സ്വർഗമുണ്ടാകൂ. കർമരഹിതൻ വിശ്വാസിയായാലും അവിടെ സ്ഥാനമുണ്ടാകില്ല.

പ്രപഞ്ചത്തിലുള്ളതു മുഴുവൻ  മനുഷ്യനുപയോഗിക്കാനായി ദൈവം നൽകിയിരിക്കുന്നു. ദുരുപയോഗത്തിന് അനുമതിയില്ല. നേരായ ഉപയോഗത്തിനു മാത്രമാണ് അനുമതി. സൽക്കർമത്തിനുമാത്രമാണ് പരിഗണന.  എല്ലാ സ്വാതന്ത്ര്യവും മനുഷ്യൻ അനുഭവിക്കുമ്പോൾ തന്നെ എല്ലാ വിധേനയും പരീക്ഷണത്തിനു വിധേയനാക്കപ്പെടുകയും ചെയ്യുന്നു. ശരിയായ മാർഗം തേടുന്നവൻ പരീക്ഷണങ്ങളിൽ വിജയിക്കുന്നു. ശാശ്വത ജീവിതം മരണത്തിനുശേഷം കാത്തിരിക്കുന്നതായി ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നു.

വെറുമൊരു പ്രവാചകൻ എന്ന വിശേഷണത്തിലൊതുങ്ങുന്നില്ല മുഹമ്മദ്. നിരക്ഷരനായിരുന്നുവെങ്കിലും കാന്തികശക്തിയുള്ള പ്രഭാഷകനായിരുന്നു. ഔപചാരിക വിദ്യാഭ്യാസമില്ലാതിരുന്നിട്ടും ലോകം കണ്ട ഏറ്റവും മികച്ച തത്ത്വചിന്തകനായിരുന്നു. അനാഥനായി തുടങ്ങിയിട്ടും ചക്രവർത്തിപദത്തിലെത്തി. ഔന്നത്യത്തിലും ലളിതജീവിതത്തിന്റെ ഉത്തമമാതൃകയായി. ഒരേസമയം പടയാളിയും സൈന്യാധിപനും വ്യാപാരിയും പ്രഭാഷകനും രാഷ്ട്രമീമാംസകനും തന്ത്രജ്ഞനും ആത്മീയഗുരുവും പുണ്യവാനും വിമോചകനും നിയമജ്ഞനും ഭരണാധികാരിയും അങ്ങനെ എല്ലാമെല്ലാമാകാൻ പ്രവാചകനു കഴിഞ്ഞു. മുഹമ്മദിനു തുല്യം മുഹമ്മദുമാത്രമായി. പ്രപഞ്ചനാഥന്റെ പ്രവാചകനായി ജനഹൃദയങ്ങളെ കീഴടക്കി ആ ജൈത്രയാത്ര തുടരുന്നു. ■